# സ്ത്രീ സുരക്ഷ സ്വയം പ്രതിരോധ പരിശീലന കേന്ദ്രം ഉദ്ഘാടനം ചെയ്തു

എറണാകുളം റൂറൽ പോലീസ് ജില്ലയിലെ Self Defense Training Centre (സ്ത്രീ സുരക്ഷ സ്വയം പ്രതിരോധ പരിശീലന കേന്ദ്രം) ന്റെ ഉദ്ഘാടനവും ആദ്യ ബാച്ചിന്റെ പരിശീലന ഉദ്ഘാടനവും ബഹുമാനപ്പെട്ട എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി. ജോർജ്ജ് IPS അവർകൾ കളമശ്ശേരിയിലെ ഡി.എച്ച്.ക്യു, വിൽ വച്ച് 22.03.2017 തീയതി രാവിലെ 10.00 മണിക്ക് നിർവ്വഹിച്ചു.

ഡി.എച്ച്.ക്യു. എറണാകുളം റൂറൽ അസ്സി. കമാണ്ടന്റ് ശ്രീ. പ്രസന്നകുമാറിന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ ഇൻസ്പെക്ടർമാരായ ശ്രീ. കെ.എം. വിക്രമൻ, ശ്രീ. കെ.ജി. ഷിബുകുമാർ, വനിതാ എസ്.ഐ. വിൻസി ഏലിയാസ് തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

കുടുംബശ്രീയിലെ അംഗങ്ങളും വനിതാ പോലീസ് എന്നീ വിഭാഗങ്ങളിൽപ്പെട്ട അംഗങ്ങൾ ടി ട്രയിനിംഗ് ക്യാമ്പിൽ പങ്കെടുക്കുന്നു. 6 ദിവസം നീണ്ടുനിൽക്കുന്ന ഈ പരിശീലനത്തിൽ വനിതകൾക്ക് എതിരെയുള്ള അതിക്രമങ്ങളെ സ്വയം പ്രതിരോധിക്കുന്നതിനുള്ള പരിശീലനം നൽകുക എന്നുള്ളതാണ്.




എറണാകുളം റൂറൽ ജില്ല
"സ്ത്രീ സുരക്ഷ
സ്വയംപ്രതിരോധ പരിശീലന കേന്ദ്രം"
WELCOME

